15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3556 — 02-03-2023 - ൽ മറുപടിയ്ക്ക്

## പോളീടെക്നിക്കുകളുടെയും എഞ്ചിനീയറിങ്ങ് കോളേജുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെയും എഞ്ചിനീയറിങ്ങ് കോളേജുകളുടെയും ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് കിഫ്ബി വഴി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം - Iആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും ആയതിന് ചെലവഴിച്ച തുകയുടെ വിശദാംശവും വെളിപ്പെടുത്താമോ; | (ബി) | കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികളിൽ, സെൻട്രൽ പോളിടെക്നിക് കോളേജ് വട്ടിയൂർക്കാവ്, ഗവ.പോളിടെക്നിക് കോളേജ് പെരുമ്പാവൂർ, മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക ഗവ. പോളിടെക്നിക് കോളേജ് വെണ്ണിക്കുളം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ.പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ എന്നീ 4 പോളിടെക്നിക് കോളേജുകളിലെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4പോളിടെക്നിക് കോളേജുകളിലേയും പദ്ധതികൾ അവസാന ഘട്ടത്തിലാണ്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം II -ആയി ചേർത്തിരിക്കുന്നു. |
| (സി) | നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നവ ഏതെല്ലാമാണ്; എന്നത്തേയ്ക്ക് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു;വെളിപ്പെടുത്താമോ; | (സി) | നിലവിൽ, 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവൃത്തികൾ ആരംഭ ദശയിലാണ്. എഞ്ചിനീയറിംഗ് കോളേജുകളിലെ കിഫ്ബി പദ്ധതിയുടെ SPV ആയ KSITIL ൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് , പദ്ധതി പൂർത്തീകരണത്തിന് 18 മാസത്തെ കാലയളവാണ് പ്രതീക്ഷിക്കുന്നത്. അപ്രകാരം കണക്കാക്കുമ്പോൾ 2024 ആഗസ്റ്റ് മാസത്തോടെ പദ്ധതികൾ പൂർത്തീകരിക്കുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം നേടുന്നതിന് ഉതകുന്നതരത്തിൽ എഞ്ചിനീയറിങ്ങ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും അക്കാദമികവും പ്രായോഗികവുമായ പ്രവർത്തനങ്ങൾ | (ഡി) | പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം നേടുന്നതിന് ഉതകുന്ന തരത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്ക്നിക്ക് കോളേജുകളിലെയും അക്കാദമികവും |

| | | | |
|---|---|---|---|
| | നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | | പ്രായോഗികവുമായ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :<br><br>(എ)എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും ,കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും , അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി ടെക്നോളജി ഇൻക്യുബേഷൻ സെൻററുകൾ പ്രവർത്തിച്ചുവരുന്നു . നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50 -ലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കി.<br><br>(ബി)തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിൻറെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP-ൻറെ സഹായത്തോടെയും , പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും , 4 സർക്കാർ കോളേജുകളിലും, KSUM-ൻറെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>(സി)തിരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക , ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മറ്റു പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(ഡി)എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നൊവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation |

| | | | |
|---|---|---|---|
| | | | Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക്ക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളുടെ പ്രോജക്ടുകൾ പ്രദർശിപ്പിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.<br><br>(ഇ)സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23 -ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 29.09.2022 ലെ സ.ഉ (സാധാ)നം.1437/2022/ ഉ.വി.വ പ്രകാരം , 116.92 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിരുന്നു.<br><br>(എഫ്)ഇൻഡസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻറെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും , വ്യവസായ സംരംഭകരുമായും , സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതിക വിദ്യ കൈമാറ്റത്തിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം –I

### പട്ടിക 1 : സർക്കാർ പോളിടെക്നിക് കോളേജുകൾ

| നം | സ്ഥാപനം | പദ്ധതികൾ | കിഫ്ബി അംഗീകാരം നല്കിയ തുക |
|---|---|---|---|
| 1 | മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക ഗവ. പോളിടെക്നിക് കോളേജ് വെണ്ണിക്കുളം | 3 Blocks namely A, B, & C Blocks | 9.514 Cr |
| 2 | സെൻട്രൽ പോളിടെക്നിക് കോളേജ് വട്ടിയൂർക്കാവ് | Library Block, Laboratory Block, Boys Toilet Block | 6.04 Cr |
| 3 | ഗവ. പോളിടെക്നിക് കോളേജ് പെരുമ്പാവൂർ | Administrative Block cum Library | 9.60 Cr |
| 4 | ഗവ. പോളിടെക്നിക് കോളേജ് വണ്ടിപ്പെരിയാർ | New Academic Block | 9.95 Cr |
| 5 | ഗവ. പോളിടെക്നിക് കോളേജ് ചേലക്കര | Academic Block for Civil Engineering and Mechanical Engineering | 3.44 Cr |
| 6 | ഗവ. പോളിടെക്നിക് കോളേജ് മാനന്തവാടി | Academic Block | 8.22 Cr |
| 7 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ | Workshop Building | 1.46 Cr |
| 8 | ഗവ.പോളിടെക്നിക് കോളേജ്, അടൂർ | Library & Auditorium Block | 4.83 Cr |
| | ആകെ തുക | | 53.054 Cr |

### പട്ടിക 2 : സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ

| നം | സ്ഥാപനം | പദ്ധതികൾ | കിഫ്ബി അംഗീകാരം നല്കിയ തുക |
|---|---|---|---|
| 1 | ഗവ. എഞ്ചിനീയറിംഗ് കോളേജ് കണ്ണൂർ | Academic Block (G+2) - 3955 $m^2$<br>PG Hostel (G+2) - 1462 $m^2$ | 16.88 Cr |
| 2 | ഗവ. എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി | Men's Hostel (B+G+3) - 7222.69 $m^2$ | 24.60 Cr |
| 3 | കോളേജ് ഓഫ് എൻജിനിയറിങ്, തിരുവനന്തപുരം | Hostel (LGF+GF+3) - 2934 $m^2$ | 17.92 Cr |
| 4 | ഗവ. എഞ്ചിനീയറിംഗ് കോളേജ്, വയനാട് | Boys Hostel (G+3) - 1838.4 $m^2$<br>Girls Hostel (G+2) - 1508 $m^2$ | 11.09 Cr |
| 5 | ഗവ. എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | Boys Hostel (G+1) - 2091 $m^2$.<br>Girls Hostel (G+2) - 2221.25 $m^2$ | 15.61 Cr |

| | | | |
|---|---|---|---|
| 6 | ഗവ. എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് | Ladies Hostel (G+3) - 6370 $m^2$ | 17.88 Cr |
| 7 | ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | Men's Hostel (G+1) - 2935 $m^2$ | 11.27 Cr |
| | ആകെ തുക | | 115.25 Cr |

**അനുബന്ധം- II**

**ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl. No. | Institution | Upto Date Bill Value |
|---|---|---|
| 1 | മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക ഗവ. പോളിടെക്നിക് വെണ്ണിക്കുളം | Rs. 9,23,70,977.45/- |
| 2 | സെൻട്രൽ പോളിടെക്നിക് വട്ടിയൂർക്കാവ് | Rs. 5,92,96,433.87/- |
| 3 | ഗവ. പോളിടെക്നിക് പെരുമ്പാവൂർ | Rs. 7,11,16,294.22/- |
| 4 | ഗവ. പോളിടെക്നിക് വണ്ടിപ്പെരിയാർ | Rs. 5,51,45,346.03/- |
| 5 | ഗവ. പോളിടെക്നിക് ചേലക്കര | Rs. 2,90, 45,305.15/- |
| 6 | ഗവ. പോളിടെക്നിക് മാനന്തവാടി | Rs. 3,93,52,647.51/- |
| 7 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവ. പോളിടെക്നിക്, ഷൊർണ്ണൂർ | Rs. 56,34,669.61/- |
| 8 | ഗവ. പോളിടെക്നിക് അട്ടൂർ | Rs. 1,64,27,960.95/- |
|  | **TOTAL** | **Rs. 36,83,89,634.79/-** |